**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**28 JUNE 2019**

**24 SHAWWAL 1440 AH**

# THE DIVINE LAW V/S THE LAW OF MAN
# ദൈവീക നിയമവും മനുഷ്യനിയമവും നേർക്ക് നേർ വരുമ്പോൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാതിഹ ഓതിയ ശേഷം **ദൈവീക നിയമവും മനുഷ്യനിയമവും നേർക്ക് നേർ വരുമ്പോൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്ന് ജനങ്ങൾ അവരുടെ വിഗ്രഹങ്ങൾക്ക്, ദൈവീക നിയമങ്ങളെക്കാൾ പ്രാധാന്യം നല്കുന്നവരാണ്. മനുഷ്യനിർമ്മിതമായ നിയമങ്ങൾ ഭൂമിയിലെ ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ മനുഷ്യനിർമ്മിത നിയമങ്ങൾ ദൈവീകനിയമങ്ങളെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ അവന്റെ നിയമങ്ങൾ ബലാൽക്കാരേണ നടപ്പിലാക്കുന്നു. അത്തരം മനുഷ്യനിർമ്മിത നിയമങ്ങൾ അനുസരിക്കാത്തവരെ, അവരുടെ മേൽ, അവർ, ശിക്ഷാനടപടികൾ നടപ്പിലാക്കുവാൻ വരെ തയ്യാറാകുന്നു.

ദൈവീക നിയമങ്ങളുടെ സ്ഥാനത്ത് മനുഷ്യനിർമ്മിത നിയമങ്ങൾ നടപ്പിലാക്കുമ്പോൾ, ലോകം ഈ തന്നിഷ്ടങ്ങളുടെ ദുശ്ശീലങ്ങളുടെ അനന്തഫലങ്ങൾക്കുള്ള വിലകൊടുക്കേണ്ടി വരുന്നു. ഇന്ന് മനുഷ്യൻ ദൈവീക നിയമങ്ങളെ വലിച്ചെറിഞ്ഞപ്പോൾ, മനുഷ്യനിർമ്മിതനിയമങ്ങൾക്ക് കൂടുതൽ വിലകല്പിച്ചപ്പോൾ, നോക്കൂ! ലോകത്തു എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന്? രാജ്യത്ത് എന്താണ് സംഭവിക്കുന്നത്? സമുദായത്തിലെന്താണ് സംഭവിക്കുന്നത്? ജമാഅത്തിലെന്താണ് സംഭവിക്കുന്നത്? കുടുംബത്തിലെന്താണ് സംഭവിക്കുന്നത്? എന്തിനേറെ

നിങ്ങളുടെ പരിതസ്ഥിതിയിലെന്താണ് സംഭവിക്കുന്നത്?

സ്വയം പണ്ഡിതന്മാരെന്നു ചമയുന്നവർ, മഹാമേരുക്കളെന്നു ചമയുന്നവർ, ബുദ്ധിമാൻമാർ എന്ന് കരുതുന്നവർ, അവർ തങ്ങളുടെ നിയമങ്ങളും ആശയങ്ങളും അഭിപ്രായങ്ങളും മുന്നോട്ടു വെയ്ക്കുന്നു. എന്നിട്ട് ദൈവീക നിയമത്തെ ഒരു വശത്തേക്ക് തള്ളിമാറ്റുന്നു, ദൗർഭാഗ്യവശാൽ അവരെ പിന്തുടരുന്ന ആളുകൾ, അവരുടെ തന്നെ നഷ്ടം സ്വയം വരുത്തിവയ്ക്കുകയാണ് ചെയ്യുന്നത്, അങ്ങനെ അവരുടെ ദൈവീക ഭയം നഷ്ടമാകുന്നു, അപ്രത്യക്ഷമാകുന്നു. പകരം അവർ അവരുടെ ഗുരുവിനെ(നേതാവിനെ/മുഖ്യനെ) അവരുടെ ഹൃദയത്തിൽ സ്ഥാപിക്കുന്നു. ഇത്തരം ആളുകളുടെ ഹൃദയങ്ങളിൽ നിന്നും സർവ്വശക്തനായ ദൈവത്തിലുള്ള വിശ്വാസം ഇല്ലായ്മ ചെയ്തുകളയുന്നു.

അവർ തങ്ങളുടെ സൃഷ്ടാവിനെക്കാൾ കൂടുതലായി മനുഷ്യനെ ഭയപ്പെടുവാൻ തുടങ്ങുന്നു. അവർ ചെയ്യുന്നതെല്ലാം, അവരുടെ ഗുരുവിന്റെ തൃപ്തി തങ്ങൾക്കു ലഭിക്കുന്നിനായി മാത്രമായി മാറുന്നു. അവരുടെ പ്രവർത്തനങ്ങളിലും പ്രയത്നങ്ങളിലും ദൈവത്തിന്റെ തൃപ്തികരസ്ഥമാക്കുന്നതിനുള്ള ഒന്നും തന്നെ ഉണ്ടായിരിക്കില്ല. അതുകൊണ്ടാണ്, നിങ്ങൾ എവിടെ നോക്കിയാലും, അവിടെ എങ്ങും സമാധാനം കണ്ടെത്താത്തത്! അധർമ്മം ഭൂമിയെ ആവരണം ചെയ്തിരിക്കുന്നതായും കാണുന്നത്. ഇത്തരം സന്ദർഭങ്ങളിലാണ് അല്ലാഹു(ത) അവൻ, തന്റെ ക്രോധം പ്രകടമാക്കുന്നത്, മനുഷ്യൻതന്റെ ചിന്താശക്തിയെ ഉണർത്തുന്നതിനായി! (അവന്റെ തെറ്റും കുറ്റവും മനസ്സിലാക്കുന്നിനായി) ആരാധനയ്ക്കർഹനായി ഒരൊറ്റ ദൈവമേ ഉള്ളു എന്ന് അവനെ ഗ്രഹിപ്പിക്കുവാനായി!

ആയതിനാൽ അല്ലാഹു(ത)യുടെ നിയമത്തിന് മാത്രമെ, നമ്മുടെ നിത്യജീവിതത്തിലെ അധഃപതനത്തിൽ നിന്നും നമ്മെ കരകയറ്റുവാൻ സാധിക്കുകുള്ളു. 1400 സംവത്സരങ്ങൾക്കു മുമ്പ് വന്ന ദൈവീക നിയമം അത് സ്വയം തെളിയിക്കുകയാണ്, അത് ഇപ്പോഴും തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ശരിയായ പാത ഏതാണ്? റൂഹുൽ ഖുദ്സുമായി ഒരു പ്രതിനിധിയെ നിയോഗിച്ച് കൊണ്ട്, ലോകജനതയെ മുഴുവൻ ഏകദൈവ

ത്തിന്റെ കീഴിൽ കൊണ്ടു വരുവാനായി, ശരിയായ പാതകാട്ടി കൊടുക്കുവാനായി, ദൈവത്തിന്റെ യഥാർത്ഥ അധ്യാപനത്തെ നവീകരിക്കുകവാനായി, പ്രസ്തുത യത്നം തുടർന്നു കൊണ്ടിരിക്കുന്നു.

ആയതിനാൽ ഹൃദയത്തിൽ നിന്നും മനുഷ്യനോടുള്ള പേടി നീക്കം ചെയ്യുക. പകരം അവിടെ ദൈവഭയം കുടിയിരുത്തുക. അല്ലാഹുവിന്റെ നിയമം ഭൂമിയിൽ എത്രമാത്രം സ്വാധീനം ചെലു ത്തുന്നു എന്ന് നോക്കി കാണുക. ഇതിനെല്ലാം ഉപരി, ഭൂമി മുഴുവൻ അല്ലാഹുവിന്റെതാണെന്ന് ബോധവും നമ്മെ പഠിപ്പി ക്കുനനു. അല്ലാഹുവാണ് മനുഷ്യരെ സൃഷ്ടിച്ചത്, മനുഷ്യന്റെ പ്രകൃതിയും അവനാണ് ഏറ്റവും നന്നായി അറിയുന്നതും, അവന്റെ സൃഷ്ടികളുടെ നന്മയ്ക്കുള്ള നിയമങ്ങൾ ഉണ്ടാക്കു വാൻ ഏറ്റവും നന്നായി അറിയുന്നവൻ ആരാണ്? ഏതു നിയ മമാണ് അവന്റെ സൃഷ്ടികളുടെ നന്മയ്ക്കായി ഉപയോ ഗപ്പെടുത്തേണ്ടതെന്ന് തീരുമാനിക്കുവാനുള്ള അവകാശവും അധികാരവും അവനു മാത്രമുള്ളതാകുന്നു. കാരണം ജീവജാ ലങ്ങളെ മുഴുവൻ സൃഷ്ടിച്ചത് അവനാണ്! അതേ അല്ലാഹു(ത) തന്നെ! തീർച്ചയായും അത് അങ്ങനെ തന്നെയാണ്.

മനുഷ്യ നിർമ്മിത നിയമങ്ങളെല്ലാം പരാജയങ്ങൾ തന്നെ യാണ്. അതിന് ധാരാളം അപജയങ്ങളുണ്ട്. അതായത് അവർ (ജനങ്ങൾ) കുടുംബബന്ധങ്ങൾ വിഛേദിക്കുന്നു. കുടുംബസം ഗമങ്ങളിൽ നിസ്സഹകരണം ഏർപ്പെടുത്തുന്നു. ജനഹൃദയങ്ങ ളിൽ മനുഷ്യനിർമ്മിത നിയമങ്ങളാൽ, ഭയമേർപ്പെടുത്തുന്നു. പ്രസ്തുത ഭയം വ്യാവിപ്പിക്കുന്നു. അവർ പ്രബോധിക്കുന്നത്, അവ രുടെ നിത്യജീവിതത്തിൽ പ്രായോഗികമാകുന്നില്ല. അവർ വലി യബോഡുകൾ സ്ഥാപിക്കുന്നു. എന്നിട്ട് വ്യാപക പ്രചാരണം നട ത്തുന്നു. അവർ എല്ലാവരേയും സ്നേഹിക്കുന്നുവെന്ന്, അവർക്ക് ആരോടും വെറുപ്പില്ല എന്നും പ്രചാരത്തിലുണ്ട്. ഇതൊക്കെ ജനങ്ങളെ കാണിക്കുവാനുള്ള തട്ടിപ്പ് ബോഡുക ളാണ്. മനുഷ്യനിർമ്മിത നിയമങ്ങളെ അനുസരിക്കാത്ത ആളു കളോട് അവരുടെ തനിനിറം അവൻ കാണിക്കുന്നതാണ്. അവ രുടെ വെറുപ്പിന്റെ മുഖം പ്രകടമാകുന്നതാണ്. ഇത്തരം മനു ഷ്യനിർമ്മിത നിയമങ്ങളൊക്ക പരാജയപ്പെടുന്നതാണ്. അല്ലാഹു

വിന്റെ നിയമത്തോട് യാതൊരു ആദരവും ഭക്തിയും പ്രകടിപ്പിക്കാത്തവർ, അത് നിത്യജീവിതത്തിൽ പകർത്താത്തവർ, അവർ രംഗത്തുവന്ന് അവരാണ് യഥാർത്ഥ സത്യത്തെ പിന്തുടരുന്നത് എന്നും ഇസ്ലാമിന്റെ രക്ഷകരെന്ന് അക്രോശിക്കുകയും ചെയ്യുന്നു. അവരുടെ അഭിപ്രായമനുസരിച്ച് സ്വർഗത്തിലേക്കുള്ള പാസ്പോർട്ടും, വിസായും അവരുടെ കയ്യിലാണ് എന്ന് പുലമ്പുകയും ചെയ്യുന്നു. എന്നിട്ടവർ മറ്റുള്ളവരുടെ വിശ്വാസത്തിന്റെ വിധിപറയുന്നു.

എന്നാൽ സത്യം ഇതാണ്, ദൈവീകനിയമം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സർവ്വശക്തനായ ദൈവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അവൻ തന്നെയാണ് (സർവ്വശക്തനായ ദൈവം മാത്രമാണ്) ഏറ്റവും നല്ല വിധികർത്താവെന്ന്! ദൈവീക നിയമത്തിൽ എവിടെയും പറഞ്ഞിട്ടില്ല, ഒരു മനുഷ്യന്, തന്റെ സഹജീവിയായ മനുഷ്യന്റെ വിശ്വാസത്തിന് വിധി പറയുവാൻ അധികാരമുണ്ടെന്ന്! തന്നെപോലുള്ള ഒരു മനുഷ്യന്റെ മേൽ നിസ്സഹകരണം ഏർപ്പെടുത്തുവാൻ ഒരു മനുഷ്യനും അധികാരമില്ല, കുടുംബബന്ധങ്ങളെ വിഛേദിക്കുവാൻ ഒരു മനുഷ്യനും അധികാരമില്ല. സലാം പറഞ്ഞാൽ മടക്കാൻ പാടില്ല എന്ന് പറയുവാൻ ഒരുത്തനും അവകാശമില്ല(അതായത് ഇസ്ലാമിക അഭിവാദനങ്ങൾ)

മൗറിഷ്യസിൽ നടന്ന ഒരു സംഭവം പറയട്ടെ! അവിടുത്തെ ഒരു ജമാഅത്ത്, ഇന്നവർ പറയുന്നത്, അവർ മാത്രമാണ് സ്വർഗ്ഗാവകാശികൾ എന്നാണ്. മറ്റുള്ളവരെ അവർ കരുതുന്നത് വിഡ്ഢികളും ബുദ്ധിയില്ലാത്തവരും എന്നാണ്.

2019 ഫെബ്രുവരി 2-ാംതീയതി രാത്രി എനിക്കൊരു ഫോൺ സന്ദേശം ലഭിച്ചു. പ്രസ്തുത ജമാഅത്തിലെ ഗുരു ആരെയോ ഒരാളെ മൗറിഷ്യസിലെ ജനങ്ങളിലേക്ക് അയച്ചിട്ടുണ്ട്! ജനങ്ങളുടെ പ്രശ്നങ്ങൾ അറിയുന്നതിനായി, എന്നെ വിളിച്ച വ്യക്തി പറഞ്ഞു ഗുരുവിന്റെ പ്രതിനിധിയുമായി ബന്ധമുള്ള പ്രസ്തുത ഭീരുവായ വ്യക്തി-എനിക്ക് ഒരു സുവർണ്ണാവസരം തന്നിരിക്കുകയാണ്. പ്രസ്തുത വ്യക്തിയുടെ മുന്നിൽ വന്ന് നിങ്ങളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പറയുവാൻ-ഞാൻ ഈ കാര്യത്തിൽ വിഷമിക്കുകയൊന്നും വേണ്ട കാരണം ഈ കോഴിയുടെ ധൈര്യമുള്ള വ്യക്തി എന്നെ അകമ്പടിസേവിച്ചുകൊള്ളാം എന്നൊരു സന്തോഷവാർത്തയും ഞാനീ പദ്ധതിയെ മൊത്തത്തിൽ നിഷേ

ധിച്ചു എന്നിട്ട് ഞാൻ പറഞ്ഞു. നിങ്ങൾ, ഗുരുഅയച്ചു എന്ന് പറഞ്ഞ പ്രസ്തുത ആളിനോട് പറയുക, പ്രസ്തുത ജമാഅത്തിൽ നിന്നും എന്നെ എന്ത് കാരണത്തിനാണ് പുറത്താക്കിയത് എന്ന് പറയുവാൻ പറയുക, (അതു മാത്രമല്ല, ഞാൻ ചില നിബന്ധനകളും മുന്നോട്ടു വെച്ചു നമുക്ക് നിങ്ങൾ പറയുന്നതു പ്രകാരം കാണുവാൻ സാധിക്കില്ല. മൗറിഷ്യസിലെ മുഴുവൻ ജമാഅത്തും എന്നെ ക്ഷണിക്കട്ടെ, അതോടൊപ്പം പ്രസ്തുത വ്യക്തിയും വരട്ടെ, എന്നിട്ട് നമുക്ക് സംസാരിക്കാം, സത്യം പുറത്തു വരട്ടെ, മുഴുജമാഅത്തും ഈ സത്യം അറിയേണ്ടതാണ് അല്ലേ? കാരണം ഞാൻ അല്ലാഹുവിന്റെ നിയമങ്ങളെ പിൻതുടർന്നു. അല്ലാതെ ഈ ആളുകളുടെ നിയമങ്ങളെ അല്ല പിൻതുടർന്നത്. വിശിഷ്യ അവരുടെ ഗുരുവിന്റെ നിയമങ്ങളെയല്ല പിൻതുടർന്നത്. ഇക്കാരണത്താലാണ് അവർ എന്നെ പുറത്താക്കിയത്. അതിനായുള്ള നിയമങ്ങൾ എനിക്കെതിരായി സൃഷ്ടിച്ചു. ആയതിനാൽ ജനങ്ങൾക്ക് ഞാനുമായി ബന്ധപ്പെടുവാൻ കഴിഞ്ഞില്ല. (ഈ സത്യമൊക്കെ അവരറിയട്ടെ)

ഇക്കാരണങ്ങളാൽ 12 പേജ് വരുന്ന ഒരു കത്ത് തികച്ചും സ്വകാര്യം എന്ന നിലയിൽ 2019 ഫെബ്രുവരി 10-ാംതീയതി എഴുതുകയുണ്ടായി. അതിൽ ഞാൻ എന്റെ വ്യവസ്ഥകളും വെയ്ക്കുകയുണ്ടായി. വിശിഷ്യാ എന്റെ ജോലി സംബന്ധമായും, ശമ്പളം സംബന്ധമായും നഷ്ടപരിഹാരം സംബന്ധമായും) ഈ വ്യവസ്ഥകൾ അദ്ദേഹം പ്രതിനിധി അംഗീകരിക്കുന്നുവെങ്കിൽ ഞാൻ വരാം, മുഴുവൻ അഹ്മദിയാ ജമാഅത്തും, ജമാഅത്തും അന്നവിടെ ഹാജരായിരിക്കണം. അങ്ങനെ എല്ലാവരും ഈ സത്യം അറിയട്ടെ! ഇൻശാ അല്ലാഹ്!

എന്റെ കത്ത് അദ്ദേഹത്തിന് കൈമാറുന്നു. എന്നാൽ അദ്ദേഹം പിൻവാങ്ങുകയാണുണ്ടായത്. (ഔദ്യോഗികമായി ഒരു മറുപടിയും നല്കിയില്ല) ഇവിടുത്തെ ആളുകളുടെ പ്രശ്ന പരിഹാരത്തിനായി അദ്ദേഹം വന്നു എന്ന് വിശ്വസിപ്പിക്കുവാനുള്ള ഒരു കഥ മാത്രം ആയിരുന്നു ഇത്. ഞാൻ ഒരു അഹ്മദിയുമായി ബന്ധപ്പെട്ടിരുന്നു. അദ്ദേഹം എന്നോട് പറഞ്ഞത്, ദാറുസ്സലാം പള്ളിയിൽ രൂപം കൊണ്ട, ദൈർഘ്യമേറിയ ക്യൂവിൽ അദ്ദേഹം നിരാശനായിരുന്നു. അവർക്കെല്ലാം, പ്രസ്തുത പ്രതിനിധിയെ കാണണം, ജമാഅത്തിനകത്തുള്ള പ്രശ്നങ്ങൾ അദ്ദേ

ഹത്തോട് പറയണം. ദൈർഘ്യമേറിയ ക്യൂ ആയിരുന്നെ കിൽപോലും, അദ്ദേഹം കാത്തുനിന്നു. അദ്ദേഹത്തിന്റെ പ്രശ്ന ങ്ങൾ അവതരിപ്പിക്കാനുള്ള സമയം ആസന്നമായപ്പോൾ, ജമാഅത്തിനകത്തുള്ള പ്രശ്നങ്ങളെല്ലാം അദ്ദേഹം വിശദീക രിച്ചു കഴിഞ്ഞപ്പോൾ, പ്രസ്തുത പ്രതിനിധി നിശബ്ദനായി ഇരുന്നു. അദ്ദേഹം പറഞ്ഞതൊക്കെ കുറിച്ചുവെച്ചു, ഒരുമ റുപടിയും, അദ്ദേഹത്തോട് പറഞ്ഞതുമില്ല. ഞാൻ അദ്ദേഹ ത്തോട് പറയുകയുണ്ടായിരുന്നു. അദ്ദേഹം ഇതിന് ഒരു മറു പടിയും പറയുകയില്ലാ - എന്ന്! അങ്ങനെ അവിടെ ജനങ്ങളുടെ നീണ്ട നിര തന്നെയായിരുന്നു. അവരുടെ പ്രശ്നങ്ങൾ പറ യുന്നതിനായി. ഇതുവരെയും ഒരു മറുപടിയും വന്നിട്ടില്ല. അതോടൊപ്പം എന്റെ കുടുംബത്തിൽ പെടുന്ന ഒരു വീട്ടിൽ ഒരു വിവാഹം ഉണ്ടായിരുന്നു. എന്റെ രക്തബന്ധത്തി ൽപെടുന്നതായിരുന്നു. എനിക്കും എന്റെ കുടുംബത്തിനും എതിരിലുള്ള നിസ്സഹകരണം തുടരേണ്ടതാണ് എന്ന കാര്യ ത്തിൽ വാശിയോടെ തന്നെ അദ്ദേഹം നിലകൊണ്ടു. ഇത് അല്ലാ ഹുവിന്റെയും പ്രവാചകൻ(സ) യുടെയും അധ്യാപനമാണോ? നാമിപ്പോൾ എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്? ഒരു കപടവിശ്വാസിയെപോലെ, പ്രകടിപ്പിക്കുന്നത് കാപട്യം മാത്രം. ഇവി ടുത്തെ അഹ്മദികളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുവാൻ വന്നവനെ പോലുള്ള ഒരു നാട്യം! ജനങ്ങൾക്ക് വ്യർത്ഥമായ പ്രതീക്ഷകൾ നല്കരുത്. അവർ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ്(അ)ൽ വിശ്വസിച്ചവരാണ്. ഇവരിൽ വള രെയധികം ആളുകളും അവരുടെ വിശ്വാസത്തിൽ അന്ധരാണ്, ജനങ്ങൾ തെരഞ്ഞെടുത്ത ഖലീഫയിലെ അന്ധമായ വിശ്വാസം വെച്ചു പുലർത്തുന്നവരാണ്! അതുകൊണ്ട് തന്നെ അവർ വഴിവിട്ടു നടക്കുന്നു. അവർ അല്ലാഹു(ത)യും പ്രവാചകൻ (സ) യും ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ഉപേക്ഷി ച്ചിരിക്കുന്നു. പകരം അവർ പറയുന്നത് ഖലീഫ ഇങ്ങനെ പറ ഞ്ഞിരിക്കുന്നു. അവർ അല്ലാഹു(ത)യും പ്രവാചകൻ (സ)യും ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ഉപേക്ഷിച്ചിരി ക്കുന്നു പകരം അവർ പറയുന്നത് ഖലീഫ ഇങ്ങനെ പറഞ്ഞി രിക്കുന്നു അങ്ങനെ പറഞ്ഞിരിക്കുന്നു. തുടങ്ങിയ ജല്പനങ്ങൾ മാത്രം പുലമ്പി കൊണ്ടിരിക്കുന്നു.

(എന്റെ കത്തിലൂടെ പറഞ്ഞ കാര്യങ്ങളിൽ നിന്ന് കുറഞ്ഞത് ഒരു ഭാഗത്തിന്റെ എങ്കിലും സാരഗ്രഹണം ചെയ്യേണ്ടതായിരുന്നു അവർ! അത് കമ്മിറ്റിയിലെ ഭാരവാഹികളെ എങ്കിലും മാറ്റേണ്ടതായിരുന്നു. എന്റെ ശമ്പളം സംബന്ധമായും, വ്യവസ്ഥകൾ സംബന്ധമായും ഒരു മറുപടിയുമില്ല. ഞാൻ ഒരുകാര്യം കൂടി ഇതോടൊപ്പം പറയുവാൻ ആഗ്രഹിക്കുകയാണ്, ചില അഹ്മദികൾ ഇപ്പോൾ ജമാഅത്തുമായി ചില വായ്പ ഇടപാടുകൾ നടത്തിയിട്ടുണ്ട്. ഈ നൂറ്റാണ്ടിൽ ദൈവീക ദൃഷ്ടാന്ത സന്തോഷവാർത്ത ലഭിച്ചതിനെ തുടർന്ന്, അവർ അത് ഉപേക്ഷിച്ചിട്ട്, ജമാഇഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചു, ഇപ്പോൾ, അഹ്മദീമുല്ലാക്കൾ, ഭാരവാഹികൾ, പുതുതായി കണ്ടെത്തിയ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചവർക്കെതിരായി പണ്ടെങ്ങോ നടത്തിയ ഈ ലോൺ കാര്യം പറഞ്ഞ് രംഗത്തു വരികയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് മോശം പേര് നല്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.)

ജമാഅത്ത് ഭരണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ എന്റെ ഓർമ്മയിലുള്ളത് നിങ്ങളുമായി പങ്കുവെയ്ക്കുകയാണ്. അവരുടെ ഗുരു വിശിഷ്യമൗറിഷ്യസിലെ അവരുടെ ഗുരുമായി ബന്ധപ്പെട്ട കാര്യങ്ങൾ! ജമാഅത്തിലെ തൊഴിൽ നല്കുന്ന ആൾ എന്ന നിലയിൽ, ജമാഅത്തുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾക്ക് അനേകം സാഹചര്യങ്ങളിൽ സാക്ഷ്യം വഹിക്കുവാൻ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്കു കഴിഞ്ഞിട്ടുണ്ട്. വളരെ മുമ്പ് ജമാഅത്ത് അഹ്മദിയ്യാ, മൗറിഷ്യസിലെ അഹമ്ദികൾക്ക്, അവരുടെ പ്രയാസ സമയങ്ങളിൽ, ചെറിയ തുകകൾ വായ്പയായി നല്കിയിട്ടുണ്ട്. അതിൽ കൂടിയ പങ്കും 3000/- രൂപ മുതൽ 40000/- രൂപാവരെ ആയിരുന്നു. ദൗർഭാഗ്യവശാൽ, ഈ തുക സ്വീകരിച്ച അഹ്മദികളിൽ വളരെപേരും ഖലീഫയെക്കാൾ സ്ഥാനം ഈ തുകയ്ക്കാണ് നല്കിയത്. (ആ സമയം നാലാം ഖലീഫ ആയിരുന്നു അധികാരത്തിൽ) ഗുരുവിനെക്കാൾ വില പണത്തിന് നല്കിയതുകൊണ്ട് അവർ പ്രസ്തുത പണം തിരികെ നല്കിയില്ല ഈ കാര്യം അരങ്ങേറിയത്, ഇപ്പോൾ മുൻഗാമിയായി മറിയ ആളിന്റെ ഇമാറത്ത് സമയത്തായിരുന്നു. ഈ സാഹചര്യം മനസ്സിലാക്കിയ നാലാം ഖലീഫ, പണം തിരികെ നല്കാത്തതിനാൽ, ജമാഅത്തിലെ അംഗ

ങ്ങൾക്കാർക്കും ലോൺ കൊടുക്കേണ്ട എന്ന് മൗറിഷ്യസ് ജമാഅത്തിന് ഉത്തരവും പുറപ്പെടുവിച്ചു. (നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കപ്പെട്ട രണ്ടാമത്തെ മുൻഅമിർ) അമീറായപ്പോൾ അദ്ദേഹത്തിന്റെ സഹകാരിയായ (മുൻ അമീർ, അദ്ദേഹത്തിന്റെ ഇടപ്പെടലുകളിലൂടെയാണ് ജമാഅത്തിൽ ദൈവീക ദൃഷ്ടാന്തത്തിന്റ പേരിൽ, കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെട്ടത്) അദ്ദേഹത്തിന് പണത്തിന്റെ ആവശ്യം നേരിട്ടു. അദ്ദേഹത്തിന്റെ പേരിൽ അദ്ദേഹത്തിനായി ലോൺ അഭ്യർത്ഥന നടത്തി. അദ്ദേഹം ഖലീഫയുടെ അനുമതിക്കായി അപേക്ഷിച്ചു, അദ്ദേഹത്തിന് ലോൺ അനുവദിക്കാനായി. ഖലീഫ പ്രസ്തുത അപേക്ഷ നിരസിച്ചു. എന്നിട്ട് അദ്ദേഹത്തിന് ശാസന നല്കുകയും ചെയ്തു. താങ്കളുടെ ജാമ്യത്തിൽ താങ്കൾക്ക് (പ്രസ്തുത അധമ വ്യക്തിക്ക്) ലോൺ എടുത്ത് നല്കാവുന്നതാണ്. പണം തിരികെ നല്കാമെന്ന് പറഞ്ഞ പ്രസ്തുത വ്യക്തിക്കു പോലും വാക്കു പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. പണം തിരികെ നല്കിയതുമില്ല.

ആയതിനാൽ, അവരിപ്പോൾ എന്റെ അനുചരന്മാരുടെ മേൽ തെറ്റായ ആരോപണങ്ങൾ ചാർത്തുകയാണ്. കാരണം, ദൈവീക ദൃഷാടാന്തത്തിന് തൊട്ടുമുൻപ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുന്നതിന് മുൻപ്, ചെറിയ ലോൺ എന്റെ അനുചരന്മാർ എടുത്തിട്ടുണ്ടായിരുന്നു എന്നത് ശരിയാണ്, പ്രസ്തുത തുക പെട്ടെന്നു കൊടുത്തുതീർക്കുവാൻ കഴിഞ്ഞില്ല എന്നതും ശരിയാണ്. കാരണം അവർക്ക് ശരിയായ നിലയിൽ വരുമാനമുള്ള ഒരു ജോലി ഇല്ലായിരുന്നു, ആയതിനാൽ, അവരുടെ ആത്മീയ പിതാവ് എന്ന് നിലയിൽ, എനിക്ക് നല്ല നിലയിൽ അറിവുള്ളതുമാണ്. എന്റെ പണം ജമാഅത്ത് അഹ്മദിയ്യായിൽ നില്പുണ്ട്. ജമാഅത്ത് അഹ്മിദയ്യും എനിക്കു തരുവാനുള്ള പണം ഏകദേശം 700,000 രൂപായും കഴിഞ്ഞ വർഷങ്ങളിലൂടെ ലഭിക്കേണ്ട് നഷ്ടപരിഹാര തുകയും എന്റെ അനുചരന്മാർ നല്കുവാനുള്ള തുകയിൽ വകവെയ്ക്കാവുന്നതും, ബാക്കി എനിക്ക് തിരികെ നല്കിയാൽ മതി എന്ന് ഞാനിതാ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു. ആയതിനാൽ അവരുടെ കടം എത്രയും വേഗം അടച്ച് അവരുടെ ബാധ്യത തീർക്കേണ്ടതാണ്. ജമാത്തിൽ ഞാൻ അധ്വാനിച്ചതിന്റെ

വേതനം നിങ്ങളുടെ കയ്യിലുണ്ട്. ഹസ്രത് മുഹമ്മദ് മുസ്തഫ(സ) നമ്മുടെ പ്രിയ പ്രവാചകൻ പറഞ്ഞതുപോലെ, ഒരു തൊഴിലാളിക്ക് അവന്റെ വേതനം അവന്റെ വിയർപ്പ് ഉണങ്ങുന്നതിന് മുൻപ് നല്കിയിരിക്കണം. ഒരു തൊഴിലാളി നമ്മെ വീർപ്പ്മുട്ടിക്കുന്ന എന്തെങ്കിലും നയമോ നടപടിയോ സ്വീകരിച്ചാലും ശരി(സംസാരത്തിലൂടെയോ മറ്റോ)അവന്റെ സേവനത്തിന്റെ ധനം സംബന്ധമായ കാര്യത്തെപറ്റി, നാമത് അവന് നല്കേണ്ടതുതന്നെയാണ്.

മൗറിഷ്യസിലെ അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ, 2015ലെ ശതവാർഷികാഘോഷത്തെപ്പറ്റി ചിന്തിക്കേണ്ടതല്ലേ? മൗറിഷ്യസിൽ ജമാഅത്ത് അഹ്മദിയ്യാ സ്ഥാപിച്ചിട്ട് 100 വർഷം തികയുന്ന സുദിനത്തെപ്പറ്റി (1915-2015) ഒന്നു ചിന്തിച്ചുനോക്കാത്തതെന്തേ? ഒരു ജമാഅത്ത് വളരെയധികം പരീക്ഷണങ്ങളിലൂടെ കടന്നു പോവുകയുണ്ടായല്ലോ? അനേകം കൊടുങ്കാറ്റുകൾ (തീവ്രപരീക്ഷണങ്ങൾ) ആഞ്ഞു വീശുകയുണ്ടായല്ലോ? എന്താണ് സംഭവിച്ചത്? അവരുടെ ഖലീഫ, ഈ സമാനതകളില്ലാത്ത സംഭവം, അവരോടൊപ്പം ആഘോഷിക്കുവാൻ, വന്നില്ല ! പകരം അദ്ദേഹം മറ്റൊരു രാജ്യത്തേക്കു പോകുവാനാണ് മുൻഗണന കൊടുത്തത്! അദ്ദേഹം ഇവിടേക്ക് കടന്നു വന്നില്ല!

ഈ സമയത്ത് മൗറിഷ്യസിലെ അഹ്മദിയ്യാ ജമാഅത്ത്, തയ്യാറെടുപ്പുകളുടെ തീച്ചൂളയിലായിരുന്നു. ദ്വീപിലുടനീളം വലിയ വലിയ ആഗമന ബോഡുകൾ സ്ഥാപിക്കപ്പെട്ടു. അതിലെ ഒന്ന് പെറ്റീറ്റ് റാഫ്റേയിലും സ്ഥാപിക്കുകയുണ്ടായി. അതിനു ശേഷം എന്താണ് സംഭവിച്ചത്? ഒന്നും സംഭവിച്ചില്ല! വരവ് അറിയിക്കുന്ന ബോഡുകൾ നീക്കം ചെയ്യപ്പെട്ടു. ഒരാഴ്ചയോളം നാമതു കണ്ടതാണ്, മറ്റു പരസ്യങ്ങളും നീക്കം ചെയ്യപ്പെട്ടു. ഈ പരസ്യങ്ങളൊക്കെ വളരെ വലിയ ചെലവ് വരുത്തുന്ന ബോഡുകളായിരുന്നു. ഇതൊക്കെ ഒരു പ്രയോജനവുമില്ലാതെ, നഷ്ടപ്പെടുത്തിക്കളയുകയാണുണ്ടായത്, ഈ ഖലീഫ അദ്ദേഹത്തിന്റെ മനസ്സിന് മാറ്റം വരുത്തി; ഇനി അങ്ങോട്ടില്ല എന്ന് തീരുമാനിക്കുകയായിരുന്നു. ഇനി നിങ്ങൾ ഒന്ന് ചിന്തിച്ചു നോക്കൂ, നിങ്ങളുടെ സംഭാവനകളെകുറിച്ച്! ചന്ദ:കളെ കുറിച്ച് ! അവരുടെ ഗുരുവിനെ സ്വാഗതമോതുന്നതിനായി അവർ ചെലവഴിച്ച അവരുടെ ത്യാഗങ്ങളായിരുന്നു അത്! ഈ ധനമെല്ലാം നഷ്ടപ്പെടുത്തി

കളഞ്ഞു. അദ്ദേഹം വന്നില്ല! അദ്ദേഹം അവരോടു പറഞ്ഞു നിങ്ങൾ നിങ്ങളുടെ ജമാഅത്തിനെ ശരിയാക്കുക. എന്നാൽ, യഥാർത്ഥത്തിൽ അദ്ദേഹം, ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഖലീഫ എന്ന നിലയിൽ, ഒരു ആത്മീയ പിതാവ് എന്ന നിലയിൽ അദ്ദേഹത്തിന്റെ പങ്ക് എന്തായിരിക്കണമായിരുന്നു? അദ്ദേഹം ഈ അവസരം ഉപയോഗപ്പെടുത്തി, അദ്ദേഹം അവിടെ വന്ന്, ജമാഅത്തിനെ ശരിയായ ദിശയിൽ നയിക്കണമായിരുന്നു! അല്ലേ?

നിങ്ങൾ അല്ലാഹുവിനെ ഉപേക്ഷിക്കുമ്പോൾ, അവന്റെ അധ്യാപനങ്ങളെ വലിച്ചെറിയുമ്പോൾ, നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ അധ്യാപനങ്ങളെ അവഗണിക്കുമ്പോൾ, സംഭവിക്കുന്നതിപ്രകാരണമാണ് ! എന്ന് തിരിച്ചറിയുക, നിങ്ങൾ നിങ്ങളുടെ സമസ്ത വിശ്വാസവും നിങ്ങൾ തിരഞ്ഞെടുത്ത ഒരാളിൽ അർപ്പിച്ചു. അതിലൂടെ സംഭവിക്കുന്ന പരാജയങ്ങൾ എന്തെല്ലാമാണെന്ന് നോക്കൂ! എവിടെ ദൈവീകമായ മാർഗദർശനം ഇല്ലയോ, അവിടെ വിഡ്ഢിത്തവും പരാജയവും സ്ഥാനം പിടിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അധ്യാപനങ്ങളെ ചവിട്ടിമെതിക്കുന്നു. നിങ്ങൾ സ്വയം ഇബ്‌ലീസായി പ്രത്യക്ഷനാകുന്നു. എല്ലാവിധ പാരുഷ്യത്തോടെയും ! അത്തരം സാഹചര്യത്തിൽ ജോലിചെയ്തവന്റെ കൂലി അവൻ കൊടുക്കുയില്ല. അവന് അർഹതപ്പെട്ട അവകാശത്തെ നിങ്ങൾ മാനിക്കുകയില്ല. വർഷങ്ങൾ നീണ്ട സേവനങ്ങൾക്ക് അവന് ലഭിക്കേണ്ടുന്ന ഒരവകാശത്തെയും മാനിക്കുകയില്ല. ഭയപ്പെടേണ്ട ഒരു വ്യക്തിയാണ് ഖലീഫ, എന്ന്, നിങ്ങൾ, ജനങ്ങളുടെ മുമ്പാകെ അദ്ദേഹത്തെ കുടിയിരുത്തുന്നു. ജനങ്ങൾ അദ്ദേഹത്തെ ഭയപ്പെടണം, അവരുടെ മനസ്സുകളിൽ ഖലീഫയെകുറിച്ച് വേണ്ടാത്ത ചിന്തകൾ അങ്കുരിപ്പിക്കുന്നു. ഈ അവസരം ഉപയോഗപ്പെടുത്തി ഞങ്ങളെ കാണരുതെന്നും, ക്ഷണിക്കരുതെന്നും, എല്ലാ പരിപാടികളിൽ നിന്നും ഞങ്ങളെ ബഹിഷ്ക്കരിക്കണമെന്നും അവരെ പ്രേരിപ്പിക്കുന്നു. അത് കുടുംബപരിപാടികൾ ആണെങ്കിൽ പോലും! ഇത്തരം ആളുകൾ-മൗറിഷ്യസ് അഹ്മദിയ്യാ ജമാഅത്തിലെ തലപ്പത്തിരിക്കുന്നു-ഇവർ തികച്ചും സ്വകാര്യ കുടുംബകാര്യങ്ങളിൽ തലയിടുന്നു. അവർ അവരുടെ ഖലീഫയുടെ വലിയ സംരക്ഷകരാണെന്നവകാശപ്പെടുന്നു. മറ്റു

ള്ളവരുടെ മേൽ അവർ കല്പന പുറപ്പെടുവിക്കുന്നു. സാധാരണക്കാരുടെ മേൽ, പാവപ്പെട്ടവരുടെ മേൽ, ചെറു കുടുംബക്കാരിൽ, അവിടങ്ങളിലൊക്കെ അവർക്കിഷ്ടം പോലെ അവർ പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ അന്തർദേശീയ തലങ്ങളിലെ തലപ്പത്തുള്ളവർ ഇതൊക്കെയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ നിയമങ്ങളെ അവർ ചവിട്ടിമെതിക്കുന്നു. എന്നിട്ട് അവരുടെ ശക്തമായ നിയമങ്ങളുമായി അവർ മുന്നോട്ടുപോകുന്നു. (അവരുടെ നിർവചനം പ്രകാരം അവർക്ക് ശക്തമായ നിയമങ്ങൾ വേണം, അത് അനുസരിക്കുകയും വേണം)

അവരുടെ പ്രവർത്തനങ്ങളിലൂടെതന്നെ, അല്ലാഹു(ത) അവരെ, അവരുടെ നാശത്തിലേക്ക് തള്ളിയിട്ടു കൊണ്ടിരിക്കുന്നു. കുറെശ്ശെയായി, ഇതിനെ സംബന്ധിച്ച് അവർ ബോധവന്മാരല്ലാത്തനിലയിൽ! എനിക്ക് നിങ്ങളോടു പറയുവാൻ കഴിയും, ലോകമെങ്ങുമുള്ള അനേകം അഹ്മദികൾ അഹ്മദിയ്യാ ജമാഅത്തിനെ ഉപേക്ഷിച്ചു കൊണ്ടിരിക്കുന്നു. കാരണം അതിനെ നയിക്കുന്ന രീതിമൂലമാണ് അവർ ഉപേക്ഷിച്ചു പോകുന്നത്. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ തലപ്പത്ത് തഖ്‌വ ഉള്ളവർ ഇല്ല എന്നതാണ് കാരണം. അതു മാത്രമല്ല, ഈ ആളുകൾ കുടുംബത്തെ വലുതായി കാണുന്നവരാണ്. (അതായത് അവർ ദൈവീക നിയമമനുസരിച്ച് പ്രവർത്തിക്കുന്നവരല്ല, അവരുടെ കുടുംബാംഗങ്ങളുടെ തെറ്റുകളെ അവർ, മറച്ചുവെയ്ക്കുന്നതാണ്, അഥവാ കുടുംബാംഗങ്ങളുടെ തെറ്റുകൾക്ക് കൂട്ടുനില്ക്കുന്നവരാണ്) അവർ വംശാധിപത്യ ആശയത്തെ പിന്താങ്ങുന്നവരാണ് (ജമാഅത്ത് വ്യവസ്ഥയിൽ) ജമാഅത്തിനെ നയിക്കുവാൻ അവർ എപ്പോഴും തലപ്പത്തുണ്ടായിരിക്കും. ഇത് തികച്ചും ദൗർഭാഗ്യകരമായ ഒരു സാഹചര്യം തന്നെയാണ്.

വിശുദ്ധഖുർആന്റെയും വിശുദ്ധ പ്രവാചകൻ(സ)യുടെയും അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകേണ്ടുന്ന ഒരു ജമാഅത്താണിത്. നാം അനുസരിക്കേണ്ടത് അല്ലാഹു (ത)യും അവന്റെ പ്രവാചകൻ (സ)യും പറഞ്ഞ കാര്യങ്ങളാണ്. എന്നാൽ ദൗർഭാഗ്യവശാൽ, ഇപ്പോൾ അവർ പ്രാവർത്തികമാക്കുന്നത് സമ്പൂർണ്ണമായും പ്രസ്തുത അധ്യാപനങ്ങൾക്ക് വിരുദ്ധമായതാകുന്നു.

എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ അവരുടെ ഗുരു അദ്ദേഹത്തിന്റെ ഒരു പ്രതിനിധിയെ മൗറിഷ്യസിലേക്കയച്ചു. മൗറിഷ്യസ് നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി, ഇതൊരു പരിഭ്രാന്തിയുടെ ദൃഷ്ടാന്തമാണ്. മൗറിഷ്യസിലെ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി ഇത്തരം ഒരാളെ നിയോഗിക്കുമ്പോൾ, ഇതു സൂചിപ്പിക്കുന്നത് ഞാൻ നിങ്ങളോട് പറയട്ടെ, നിങ്ങളുടെ ഖലീഫ എത്രമാത്രം ആകാംഷയുള്ള ആളായിരിക്കുന്നു, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആഗോളവളർച്ചയിൽ, വിശിഷ്യാ ഈയിടെയായി ഇൻഡ്യയിലുണ്ടായ ശീഘ്ര പുരോഗതിയിൽ! അദ്ദേഹത്തിന്റെ അമീർമാരും മിഷണറിമാരും, ഇൻഡ്യയിലെ വിശിഷ്യ, ഇതു സംബന്ധമായി അവരുടെ ഖലീഫയുമായി നിരന്തരം സമ്പർക്കത്തിലാണ്. മറ്റു രാജ്യങ്ങളിലും അങ്ങനെതന്നെ, അങ്ങനെ അവർക്കിടയിൽ ഒരു വലിയ പരിഭ്രാന്തി പരന്നിരിക്കുകയാണ്. അദ്ദേഹം നേരിട്ട് ഈ കാര്യം ഉറപ്പുവരുത്തുവാൻ ആഗ്രഹിക്കുകയാണ്. മൗറിഷ്യസ് ജമാഅത്തിലെ ഒരഹ്മദിയെയും, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് സ്വാധീനിക്കാൻ കഴിയാത്ത നിലയിലുള്ള, നടപടികൾ കൈകൊള്ളുവാനുള്ള മുന്നൊരുക്കങ്ങളിലാണ്. അതുകൊണ്ടാണ്, അദ്ദേഹത്തിന്റെ ഒരു പ്രതിനിധിയെ പെട്ടെന്ന് തന്നെ മൗറിഷ്യസിലേക്ക് നിയോഗിച്ചത്, അവരുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനായി, കാരണം അവിടത്തെ അഹ്മദികൾ നിരാശരാകരുത്, ജമാഅത്ത് ഉപേക്ഷിക്കരുത്! മൗറിഷ്യസിൽ എന്താണ് നടക്കുന്നതെന്ന് അദ്ദേഹത്തിനറിയാൻ അതിയായ ആഗ്രഹമുണ്ട്, പതിനഞ്ച് വർഷത്തിൽ കൂടുതലായി! ഇപ്പോൾ അറിയാൻ ആഗ്രഹിക്കുന്നു! അതുകൊണ്ടാണ്, ഈ ഒരാൾ, ഒരു പ്രതിനിധി ഇപ്പോൾ വന്നത്. അദ്ദേഹം അവിടെ ഒരു നയോപായ വൈദഗ്ധ്യം പ്രയോഗിക്കുകയാണ്. വരൂ! നിങ്ങൾ നിങ്ങളുടെ പ്രശ്നങ്ങൾ പറയൂ! ഒരു രാഷ്ട്രീയക്കാരന്റെ കാരുണ്യത്തോടെയോ! അവരുടെ ഭാഗത്തു നിന്നുള്ള പരിഭ്രാന്തിയുടെ ദൃഷ്ടാന്തമാണിതെല്ലാം അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നതുപോലെ (ദൈവീക ദൃഷ്ടാന്താരംഭത്തിൽ, ഒരു ദൈവീക വെളിപാട് എനിക്ക് ലഭിക്കുകയുണ്ടായി. ഖുർആനിലെ ഒരു വചനം തന്നെ ആയിരുന്നു അത് ഈ ദുൽഅദ്ഹാ ദിനത്തിൽ ന്യൂ ഗ്രോവിലെ പള്ളി അടച്ചിടുന്നതിനായി അവർ

പദ്ധതി തയ്യാറാക്കിയപ്പോൾ) അല്ലാഹു(ത) എനിക്ക് ദിവ്യബോധനം നല്കി. എന്നാൽ, തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുള്ളവരെ അവരുടെ (യഹൂദി, നസ്രാക്കളുടെ)യടുക്കലേക്ക് ഓടിച്ചെല്ലുന്നവരായി നീ കാണുന്നതാണ്. (അവരുമായി സഹകരിക്കാത്ത പക്ഷം) ഞങ്ങൾക്ക് എന്തെങ്കിലും വിപത്ത് പിണഞ്ഞേക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു എന്ന് അവർ പറയുന്നു. എന്നാൽ അല്ലാഹു(നിങ്ങൾക്ക്) പരിപൂർണ്ണവിജയമോ അവങ്കൽ നിന്നുള്ള വല്ല കല്പനയോ കൊണ്ട്ടു വന്നേക്കാം. അപ്പോൾ അവർ തങ്ങളുടെ മനസ്സിൽ രഹസ്യമായി വെച്ചതിനെ സംബന്ധിച്ച് ഖേദിക്കുന്നവരായിരിക്കും. 5:53

ഇതുമാത്രമല്ല, ഇത്തരം ആളുകൾ, ഇവിടെയും ഇത്തരം ഒരു മാറ്റത്തിന്റെ സാഹചര്യം ഉണ്ട്ടാകുമോ, എന്നവർ ഭയപ്പെടുന്നു. അങ്ങനെ അവർ ദുഃഖകരമായ ഒരവസ്ഥയിലാണുള്ളത്, പദ്ധതികളൊക്കെ അവർ തയ്യാറാക്കിയിട്ടുണ്ട്ടെങ്കിലും ശരി! അത് അവരുടെ ഹൃദയങ്ങളിൽ രഹസ്യമാക്കി വെച്ചിരിക്കുകയാണ്. അവർ വളരെ ശക്തരാണെന്ന്, സ്വയം വർണ്ണിച്ചുകൊണ്ട്ടിരിക്കുകയാണ്. നമ്മുടെ ഭാഗത്ത് എന്താണ് സംഭവിക്കുന്നതെന്ന് അറിയാത്തവരെപോലെ! ശ്രദ്ധിക്കാത്തവരെ പോലെ നടിക്കുകയാണ്) എന്നാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പുരോഗതിക്ക് തടസ്സം സൃഷ്ട്ടിക്കുവാൻ രഹസ്യ പദ്ധതി തയ്യാറാക്കികൊണ്ട്ടിരിക്കുകയാണ്. മുമ്പിൽ (പുറമെ, ദൃശ്യമായ ഭാഗത്ത്) അവർ വളരെ വലിയ സ്വാത്തികരെപോലെ കാണപ്പെടുകയാണ്, പൊങ്ങച്ചത്തോടെ! എന്നാൽ അവർക്ക് അല്ലാഹുവിനെ മറയ്ക്കുവാൻ സാധിക്കുകയില്ല, അവരുടെ ഹൃദയങ്ങളിൽ മറച്ചുവെയ്ക്കുന്നത് അല്ലാഹു കണ്ട്ടുകൊണ്ട്ടിരിക്കുന്നു. അതിനുശേഷം, അവർ അനുസരണത്തെക്കുറിച്ച് സംസാരിക്കുന്നു. അവരെ അനുസരിക്കേണ്ട്ടതിനെകുറിച്ച്! എന്നാൽ അവരുടെ ദുഷ്ചെയ്തികളുടെ വിഷയം വന്നാൽ, അവരുടൻ പറയുകയും അവരുടെ ശത്രുവാണെന്ന്/പ്രതിയോഗിയാണെന്ന്! ദൈവീക വെളിപാടുകളിൽ അവർ വിശ്വസിക്കുന്നു എന്നവർ പറയുന്നത് അവരുടെ ചുണ്ട്ടുകൾ കൊണ്ട് മാത്രമാണ്. എന്നാൽ അല്ലാഹു(ത) ഈ വിനീതദാസന് വെളിപാടുകൾ നല്കിയപ്പോൾ, അപ്പോൾ അവർ ഈ വെളിപാടുകൾക്ക് അവർ നല്കിയ പേര് സാത്താനിക വെളിപാടുകൾ എന്നിട്ട് ശാപവർഷം ചൊരിയു

കയും ചെയ്യുന്നു. എന്നിട്ട് നാം വിപ്ലവം, കുഴപ്പം സൃഷ്ടിക്കുന്നു എന്നാരോപണവും! അതുകൊണ്ട് നമ്മെ പുറത്താക്കേണ്ടതാണെന്നും!

ദൈവീക അധ്യാപനങ്ങളെ പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അത്യദ്ധ്യാനം ചെയ്യുന്നവർ, അവർ അല്ലാഹുവിനെയും അവന്റെ ദൂതനേയും അനുസരിക്കുന്നതിന് കഠിനശ്രമം നടത്തുന്നു. അവർ ദൈവമാർഗത്തിൽ പോരാടുകയും ചെയ്യുന്നു. അത്തരം വ്യക്തികളെ പുറത്താക്കപ്പെടുന്നു (അധികാര മോഹികളായ ആളുകളായവരുടെ കണ്ണുകളിലങ്ങനെയാണ്) മറുവശത്ത്, അല്ലാഹുവിന്റെ നിയമങ്ങളെ നിരസിക്കുന്നവർ, അതേ സമയം തൗഹീദിലുള്ള അവരുടെ വിശ്വാസം കയ്യൊഴിയുകയും, ചെയ്യുന്നവർ, അക്കൂട്ടർ അവരുടെ വിഗ്രഹങ്ങൾ (നേതാക്കൾ) ക്കുവേണ്ടി പോരാടുന്നവരാണ്. അവരുടെ ഹൃദയങ്ങളിൽ അണുകിടത്തുക്കമെങ്കിലും തഖ്‌വ അവശേഷിച്ചിട്ടുണ്ടോ? അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നതുപോലെ അവർ ഖുർആനെ പറ്റി ചിന്തിക്കുന്നില്ലേ? 4:83

ഒരു യഥാർത്ഥ വിശ്വാസി ആയിതീരുവാൻ ഒരുവനെ പ്രാപ്തമാക്കുന്നതിനായി അല്ലാഹു(ത) അവതരിപ്പിച്ച എല്ലാ വെളിപാടുകളെയും അവർ നിരാകരിച്ചു. എന്തുതന്നെ ആയാലും അവർ അതിന് യാതൊരു പ്രാധാന്യവും നല്കുന്നില്ല. അവരുടെ ഹൃദയങ്ങളിൽ അവർ എന്താണ് മറച്ചുവെയ്ക്കുന്നതെന്ന് അല്ലാഹുവിന് മാത്രമെ അറിയുകയുള്ളു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. അല്ലാഹുവിന്റെ അനുമതിയോടെ, അനുസരിക്കപ്പെടുന്നതിനുവേണ്ടിയല്ലാതെ, ഒരു ദൂതനെയും നാം അയച്ചിട്ടില്ല (4:65)

ഇക്കാരണത്താൽ, അല്ലാഹുവിന്റെ ഒരനുഗ്രഹമാണ്, അല്ലാഹു(ത) ഒരു ദൂതനെ നിയോഗിക്കുന്നത്. ജനങ്ങളെ അല്ലാഹുവിലേക്ക് നയിക്കുന്നതിനുവേണ്ടിയാണ്. പ്രസ്തുത നിയോഗം! അവരെ നേർവഴിയിൽ നടത്തുവാൻ! അവരിൽ അല്ലാഹുവിനോടുള്ള ഭയവും, സ്നേഹവും വിശ്വാസവും നിലനിർത്തുവാൻ! അവർക്കുള്ള പ്രതിഫലം നിശ്ചയമായും അല്ലാഹുവിൽ നിന്നുമാത്രമാണ്! അവരുടെ ഹൃദയങ്ങളിൽ ഈ പറയപ്പെട്ട ഗുണങ്ങളൊക്കെ നട്ടുവളർത്തുമ്പോൾ, അത്തരം ആൾക്കാർ മറ്റുള്ളവരെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ക്ഷണിക്കുവാനുള്ള യോഗ്യ

തയുള്ളവരായിരിതീരുന്നു. അങ്ങനെ അവർ ദാഇൗ ഇലല്ലാഹ് ആയി മാറുന്നു. (അല്ലാഹുവിലേക്ക് ക്ഷണിക്കുവാൻ) അല്ലാഹുവിന്റെ നിയമങ്ങളാണ് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രാധാന്യമായിട്ടുള്ളത്! അവർ ഈ താത്ക്കാലിക ലോകത്തേക്കാൾ പാരത്രികലോകത്തിന് മുൻഗണന കൊടുക്കുന്നവരാണ്. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നവരാണ്. അവൻ മരണപ്പെടുകയാണെങ്കിലും, ശരി, അവൻ വിജയശ്രീലാളിതനായാലും ശരി, അവനുള്ള പ്രതിഫലം അല്ലാഹുവിൽ നിന്നു മാത്രം ഉള്ളതാകുന്നു. നിസ്സംശയം! അവന് അതിമഹത്തായ പ്രതിഫലം ലഭിക്കുന്നതാണ്.

ആയതിനാൽ, ഒരുവൻ, അവന്റെ തന്നെ വിശ്വാസത്തെ പറ്റി വിധി പറയട്ടെ! മറ്റുള്ളവരുടെ വിധി പറയാൻ നടക്കുന്നതിന് മുൻപ്! ആരാണ് പരിശുദ്ധനെന്ന് അല്ലാഹു(ത)യ്ക്ക് മാത്രം അറിയാവുന്ന കാര്യമാണ്. ആരും തന്നെ പരുഷ പ്രകൃതക്കാരാകരുത്! മറ്റുള്ളവരെക്കാൾ നിങ്ങൾ പരിശുദ്ധരാണ് എന്നും കരുതരുത്! വിശുദ്ധഖുർആൻ പരായണം ചെയ്യൂ. നിന്നെ സൃഷ്ടിച്ചവൻ ആരാണ് എന്ന് മനസ്സിലാക്കൂ! ആരാണ് നിങ്ങളെ ഭൂമിയിലേക്ക് നിയോഗിച്ചതെന്ന് മനസ്സിലാക്കൂ! നിങ്ങളുടെ ജീവൻ ആരുടെ കയ്യിലാണെന്നറിയൂ! നിങ്ങളുടെ മരണ വും, ആഹാരവും, പാനീയവും, ബഹുമതിയും തുടങ്ങിയ മറ്റു കാര്യങ്ങളും ആരിലാണെന്നറിയാൻ ശ്രമിക്കൂ! അല്ലാഹു(ത) പറയുന്നു. സ്വയം പരിശുദ്ധരായി ചമയുന്നവരെ നീ കണ്ടില്ലേ? (അവർക്ക് അതിന് അവകാശമില്ല) പ്രത്യുത, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധരാകുന്നു. അവരോട് തരിമ്പും അനീതി ചെയ്യപ്പെടുന്നതുമല്ല (4:50)

ഈ ഖുർആനിക വചനത്തിൽ നിന്ന് നിങ്ങൾക്ക് നോക്കി കാണുവാൻ കഴിയുന്നത്, അല്ലാഹുവിന്റെ നിയമങ്ങൾക്കും വാക്കുകൾക്കും ഒരു ചെറിയ അളവിൽ പോലും പരാജയം സംഭവിക്കുന്നില്ല എന്നതാണ്. നിങ്ങൾ ചെയ്യുന്ന ഓരോ നല്ല പ്രവർത്തനങ്ങൾക്കും അവൻ അതിന്റേതായ നല്ല പ്രതിഫലം നല്കുന്നതാണ്. അതുപോലെ നിങ്ങൾ ചെയ്യുന്ന തെറ്റായ പ്രവർത്തനങ്ങൾക്കും അതിന്റേതായ ശിക്ഷകളും നല്കുന്നതാണ്. അല്ലാഹു(ത) ആരോടും അനീതി കാണിക്കുകയില്ല. അത് ഒരു എറുമ്പിന്റെ അത്ര വലിപ്പമായാലും ശരി! നിങ്ങൾ ചെയ്യുന്ന

നന്മ എത്ര ചെറുതാണെങ്കിലും ശരി, അതിനുള്ള പ്രതിഫലവും അവൻ നല്കുന്നതാണ്. ആ നന്മയ്ക്കുള്ള പ്രതിഫലം മാത്രമല്ല, അവൻ അതിനെ പല മടങ്ങായി വർദ്ധിപ്പിച്ച് നല്കുകയും ചെയ്യുന്നു. അവൻ അവന്റെ പക്കൽ നിന്ന് വളരെ വലിയ പ്രതിഫലങ്ങൾ നല്കുന്നവനാണ്.

വഴി തെറ്റി സഞ്ചരിക്കുന്നവർ, അവർ തീർച്ചയായും വളരെ വലിയ തെറ്റായ വഴിയിലൂടെയാണ്, അവർ അവരുടേതായ നിയമങ്ങളും വകുപ്പുകളും സൃഷ്ടിക്കുകയാണ്, അവർ ദൈവീക നിയമത്തെ ആദരിക്കുന്നില്ല. അവർ നിങ്ങളെയും വഴി തെറ്റിക്കുവാനാണ് ശ്രമിക്കുന്നത്, അവർ നിങ്ങളെയും വിശ്വാസികളെയും വഴി തെറ്റി കാണുവാൻ ആഗ്രഹിക്കുകയാണ്. അവരെ പോലെ നിങ്ങളും തരംതാണവരായി കാണുവാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ പോലെ നിങ്ങളെയും ഭയപ്പെടുത്തുവാനാണ് അവരാഗ്രഹിക്കുന്നത്. നിങ്ങൾക്ക് ഭയം നിങ്ങളുടെ സൃഷ്ടാവിൽ മാത്രമെ ഉണ്ടായിരിക്കുവാൻ പാടുള്ളു. നിങ്ങൾ ആരിലേക്കാണോ മടങ്ങിപോകുന്നത് അവനിൽ മാത്രമെ നിങ്ങൾക്ക് ഭയം ഉണ്ടായിരിക്കുവാൻ പാടുള്ളു. അവന്റെ മുമ്പിൽ നിങ്ങൾ ഭൂമിയിൽ വെച്ച് ചെയ്ത എല്ലാ പ്രവർത്തനങ്ങളുടെയും കണക്ക് ബോധിപ്പിക്കേണ്ടതായി വരുന്നതാണ്.

നിങ്ങളോട് നിരോധിച്ച എല്ലാ പ്രധാനപ്പെട്ട പ്രവർത്തനങ്ങളെയും നിങ്ങൾ കയ്യൊഴിഞ്ഞാൽ, അവയ്ക്കെല്ലാം നിങ്ങൾക്ക് നല്ല അനന്തരഫലങ്ങൾ ലഭിക്കുന്നതാണ്. അല്ലാഹു(ത) നിങ്ങളെ എല്ലാ നിലയിലും ശുദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജനങ്ങൾക്കിടയിലും കുടുംബത്തിലും നിങ്ങൾ എങ്ങനെയാണ് ജീവിക്കേണ്ടതെന്ന് അവൻ നിങ്ങൾക്ക് കാണിച്ചുതരുന്നു. സത്യസന്ധമായി ജീവിക്കുക വിനയാന്വിതനായിരിക്കുക, മാന്യത കൈക്കൊണ്ട് ജീവിക്കുക, സമാധാനം പ്രബോധിച്ചു ജീവിക്കുക, ശത്രുത വിതയ്ക്കരുത്. നിങ്ങളെപോലെ നിങ്ങളുടെ സഹമനുഷ്യരെയും സ്നേഹിക്കുക, ആരോടും നിസ്സഹകരണം ഏർപ്പെടുത്തരുത്, പരസ്പരം സ്നേഹത്തോടെ കഴിയുക, പരസ്പരം സഹോദര്യത്തോടെ കഴിയുക, നിശ്ചയം അല്ലാഹു(ത) നമ്മെ പഠിപ്പിച്ചിരിക്കുന്നു. രണ്ടു വിഭാഗം വിശ്വാസികൾ തമ്മിൽ അവർ ഏറ്റുമുട്ടിയാൽ, നിങ്ങൾ അവർക്കിടയിൽ സമാധാനം

സ്ഥാപിക്കേണ്ടതാണ്. അല്ലാഹു(ത) ജനങ്ങൾക്കിടയിൽ നീതി സ്ഥാപിക്കുന്നവരെ, സമത്വം സ്ഥാപിക്കുന്നവരെ, സഹോദര്യം സ്ഥാപിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ സ്നേഹിക്കുന്നു. അല്ലാഹു(ത) വിശ്വിസകളോടു പറയുന്നു. നിശ്ചയമായും വിശ്വാസികൾ സഹോദരന്മാർ തന്നെയാണ്. അതുകൊണ്ട് നിങ്ങൾ രണ്ട് സഹോദരന്മാർക്കിടയിൽ സഹോദര്യവും അനുരഞ്ജനവും സ്ഥാപിക്കുക, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കാം.

ഈ ദൈവീക വചനം നല്ല നിലയിൽ നിങ്ങൾ മനസ്സിലാകണം. നിശ്ചയം! അല്ലാഹു(ത) നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. നിശ്ചയം! അവന്റെ വാക്കിൽ ഒരു മാറ്റവും സംഭവിക്കുകയില്ല അവന്റെ വചനങ്ങളിൽ എന്തെങ്കിലും ശത്രുതയുണ്ടോ, നിസ്സഹകരണത്തിനുള്ള വാക്കുകളുണ്ടോ, കുടുംബന്ധം മുറിക്കുവാൻ കല്പിക്കുന്നുണ്ടോ? അഭിവാദനം ചെയ്താൽ പ്രത്യഭിവാദനം ചെയ്യേണ്ട എന്ന് പറയുന്നുണ്ടോ? സലാം പറയരുത് എന്ന് പറയുന്നുണ്ടോ? ഇതേതെങ്കിലും അല്ലാഹു(ത) അവന്റെ വചനങ്ങളിൽ പറയുന്നുണ്ടോ? മറിച്ച് ഇതെല്ലാം മോശമായ പ്രവർത്തിയാണ് എന്ന് പറയുന്നുമുണ്ട്. അല്ലാഹുവിന്റെ കല്പനകളിൽ നിന്നും വഴിതെറ്റിക്കുന്ന എല്ലാ നിർദ്ദേശങ്ങളും സാത്താനിൽ നിന്നുള്ളതാകുന്നു. ഇതുചെയ്യുവാൻ പ്രേരിപ്പിക്കുന്നത് സാത്താനാകുന്നു. സാത്താൻ അല്ലാഹുവിന്റെ ശത്രു ആകുന്നു. അവന്റെ എല്ലാ വിശ്വസ്ത വിശ്വാസികളുടെയും ശത്രുവാണ്. സാത്താന്റെ കാലടിപാതകളെ ആരാണോ പിന്തുടരുന്നത്. അവർക്ക് അല്ലാഹുവിലും അവന്റെ ദൂതനിലും യഥാർത്ഥ വിശ്വാസമില്ലാത്തവരാണ്. എല്ലാ മോശപ്രവർത്തനങ്ങളും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വാസമില്ലാത്തവരുടെ പ്രവർത്തനങ്ങളാകുന്നു. ഒരു യഥാർത്ഥ വിശ്വാസിയുടെ പ്രവർത്തനങ്ങളല്ല അത്!

നിങ്ങൾ സത്യമായ ജമാഅത്തിലാണ് എന്ന് നിങ്ങൾ നടിക്കരുത്. മുകളിൽ ഒരു ആത്മീയ നേതാവുണ്ട് എന്നതും ഒരു അഭിനയം മാത്രമാണ്, അദ്ദേഹം ജനങ്ങളെ ഇസ്ലാമിലേക്ക് കൊണ്ടു വരുന്നു എന്നതും ഒരു നടനം മാത്രമാണ്. അദ്ദേഹം നിങ്ങളെ സ്വർഗത്തിലേക്ക് നയിക്കുകയാണ് എന്നതും ഒരു അഭിനയം മാത്രമാണ്. കാരണം നിങ്ങളുടെ മനഃസ്ഥിതി ചീത്ത

പ്രവർത്തി ചെയ്യുന്നവരുടെ മനഃസ്ഥിതി അല്ലേ? അല്ലാഹു(ത) സമ്പൂർണ്ണമാക്കിയ മതത്തെ നിങ്ങൾ, ഇസ്ലാമിനെ, പ്രബോധിക്കുന്നവരാണോ? വെറുപ്പും ശത്രുതയും കൊണ്ടാണോ നിങ്ങൾ ഇസ്ലാമിനെ പ്രബോധിക്കുന്നത്? നിങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നത് ഈ അധ്യാപനങ്ങളാണോ? ദൈവീക വെളിപാടുകളുടെ വാതിൽ എന്നും തുറന്നു കിടക്കുന്നതാണ് എന്ന് നിങ്ങൾ എണ്ണമറ്റ വാദങ്ങൾ നടത്തിയവരല്ലേ? പോരാട്ടങ്ങളും ചർച്ചകളും നടത്തിയവരെല്ലേ? ദൈവീക വെളിപാടുകളുടെ വരവും പ്രവാചകന്മാരുടെ വരവും പ്രസ്തുത വാതിൽ ഇസ്ലാമിൽ എന്നും തുറന്നു കിടക്കുന്നതാണ് എന്നും വാദിച്ച വരല്ലേ? അതൊരിക്കലും അടയ്ക്കുന്നതല്ല എന്നും വാദിച്ചവരല്ലേ? ഇപ്പോൾ, ഈ നൂറ്റാണ്ടിൽ, അല്ലാഹു(ത) ഈ വിനീതനെ ഉയർത്തിയപ്പോൾ, നിങ്ങൾ തെരഞ്ഞെടുത്ത നിങ്ങളുടെ ഖലീഫയെ സംരക്ഷിക്കുവാൻ, ഈ പറയപ്പെട്ട എല്ലാ സാധ്യതകളെയും തള്ളിപ്പറഞ്ഞവരല്ലേ? നിങ്ങൾ? ഈ സത്യങ്ങളെല്ലാം നിങ്ങൾ നിരാകരിച്ചിരിക്കുന്നു. നിങ്ങൾ പറയുന്നു മറ്റുള്ളവർക്ക് വെളിപാടുകൾ കിട്ടുന്നത് അസാധ്യമാണെന്ന്, മറ്റൊരാൾക്കും ഖലീഫ ആകുവാനും കഴിയില്ലാ എന്ന്!

അവരതാ വെളിപാടുകളുടെയും പ്രവാചകന്മാരുടെയും വാതിലുകൾ അടച്ചു കുറ്റി ഇട്ടിരിക്കുന്നു. പ്രസ്തുത സത്യത്തെ അവർ നിഷേധിച്ചിരിക്കുന്നു. അങ്ങനെ അവർ അത്തരം ഒരു അവസ്ഥയിലേക്ക് തരംതാണിരിക്കുന്നു. ഇതിലൂടെ ചരിത്രം ഇതാ ഇവിടെ പുനഃരാരംഭിക്കുന്നു. അല്ലാഹുവിൽ നിന്ന് ഒരു പ്രവാചകൻ വരുമ്പോഴെല്ലാം, അവർ, അതാ പ്രസ്തുത പ്രവാചകന് എല്ലാ വിധ മോശപേരുകളും നല്കുന്നു. അവർ അദ്ദേഹത്തെ കള്ളവാദി എന്ന് പേർവെയ്ക്കുന്നു. ഒരു ഭ്രാന്തനെന്ന് പേര് നല്കുന്നു. ദൈവീക വെളിപാടുകളെ സാത്താനിക വെളിപാടുകൾ എന്നും പറയുന്നു. ജനങ്ങളെ ഇതിൽ നിന്നും തടയുന്നതിനുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. പ്രവാചകൻ പറയുന്നത് ശ്രദ്ധിക്കുന്നതിൽ നിന്നും, അവർ ജനങ്ങളെ വിലക്കുന്നു. അവർ, പ്രസ്തുത ആളുകളോടും പറയുന്നു, നിങ്ങൾ പിന്തുടരുന്നത് ഒരു ജാലവിദ്യക്കാരനെയോ, ഭ്രാന്തനെയോ മാത്രമാണ്, തുടങ്ങി പലതും!

അല്ലാഹുവിന്റെ ഒരു ദൂതന്റെ ആഗമനത്തോടെ, ഈ കാ

ര്യങ്ങളൊക്കെ സംഭവിക്കുന്നത് നിങ്ങൾ കാണുമ്പോൾ, നിങ്ങൾ ഒരു കാര്യം മനസ്സിലാക്കുക. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവുകളാണ്. നാം വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ, നമുക്ക് കാണുവാൻ കഴിയുന്ന ഒരു കാര്യമാണ്, അല്ലാഹുവിലേക്ക് ഏതൊരു ദൂതൻ ആഗതരായിട്ടുണ്ടോ അവരെല്ലാം ഇത്തരം സാഹചര്യത്തെ അഭിമുഖീകരിച്ചവരാകുന്നു. എല്ലാവിധ അഗ്നിപരീക്ഷണങ്ങളെയും നേരിട്ടവരാണ് എല്ലാ പ്രവാചകന്മാരും! അല്ലാഹു(ത) അവരെ പ്രവാചകന്മാരായി ഉയർത്തുമ്പോൾ, അവർക്കൊന്നും തന്നെ നിസ്സാരമായി നേടാവതല്ല. അവരുടെ സന്ദേശത്തിൽ ജനങ്ങൾ പെട്ടെന്ന് വിശ്വസിക്കുന്നതുമല്ല. അവർ എല്ലാവിധ കഠിനപരീക്ഷണങ്ങളിലൂടെയും കടന്നുപോയശേഷമാണ് വിജയം ഉണ്ടാവുക, തങ്ങളുടെ രക്തബന്ധങ്ങളിലൂടെയും പ്രസ്തുത പരീക്ഷണങ്ങളുണ്ടാകും. വളരെ ചെറിയ ഒരു സംഘം മാത്രമെ വിശ്വസിക്കുകയുള്ളു, എന്തിനേറെ, പ്രവാചകൻ, താൻ തന്നെ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്. (അത്തരം ദൂതന്മാരും അനുചരന്മാരും) അവർ എല്ലാവിധ പരീക്ഷണങ്ങളിലൂടെയും കടന്നുപോകുന്നതാണ്. പലപ്പോഴും എന്ത് തന്നെയായാലും സാധുക്കളും, സാധാരണക്കാരും ആയിരിക്കും പ്രഥമ വിശ്വാസികളായി വരിക.

ഇത്തരത്തിലുള്ള ആളുകളെയും നമുക്ക് കാണുവാൻ കഴിയും, അതായത് അവർ ആദ്യം വിശ്വസിക്കും, ദൈവദൂതനെ അംഗീകരിക്കും. എന്നാൽ പീഢനങ്ങളും പരീക്ഷണങ്ങളുമുണ്ടാകുമ്പോൾ, ജനങ്ങൾ നിസ്സഹകരണം ഏർപ്പെടുത്തുമ്പോൾ, ഇത്തരം പരീക്ഷണങ്ങളെയും പീഢനങ്ങളെയും അതിജീവിക്കാൻ കഴിയാതെ അവർ ദൈവീക ദൃഷ്ടാന്തത്തെ കയ്യൊഴിയുന്നു. അവർ ചെയ്ത ബൈഅത്തിനെ അവർ ഉപേക്ഷിക്കുന്നു.

കപട വിശ്വാസികളായി അല്ലാഹുവിന്റെ ദൂതന്റെ വൃത്തത്തിൽ വിശ്വാസമർപ്പിക്കുന്ന ആളുകളെയും കാണാവുന്നതാണ്. അവർ കുഴപ്പം സൃഷ്ടിക്കുവാൻ വേണ്ടി മാത്രം വരുന്നവരാണ്, അവർ വന്ന് എല്ലാ വിധ കള്ളങ്ങളും, കണ്ടുപിടിച്ച്, പ്രസ്തുത കള്ളങ്ങൾ പ്രചരിപ്പിക്കുന്നതിനായി പുറപ്പെടുന്നവ

രാണ്. അങ്ങനെ അവര്‍ ദൈവീക ദൃഷ്ടാന്തത്തെ ഉപേക്ഷിക്കുന്നു. ഈ ദൈവീക അടയാളങ്ങള്‍ എന്നു പറയുന്നത് മുന്‍ഗാമികള്‍ പറഞ്ഞ വെറും കെട്ടുകഥകളാണ് എന്ന് പറയുവാന്‍ പോലും അവര്‍ ധൈര്യപ്പെടുന്നു. അവര്‍ ദൈവദൂതനെ കുറ്റപ്പെടുത്തുവാനും തയ്യാറാകുന്നു. മറ്റു ഗ്രന്ഥങ്ങളില്‍ നിന്നും ഉള്ളത് എടുത്തു പറയുന്നതാണ്, എന്നിട്ട് വെളിപാടുകളാണ് എന്ന് പറയുകയാണ് എന്നും അവര്‍ പറയുന്നു. (അല്ലാഹു(ത) നമ്മെ കാക്കട്ടെ)

ഇത്, ഇന്ന്, ഞാന്‍ ഇവിടെ അവസാനിപ്പിക്കുകയാണ്. അല്ലാത്തപക്ഷം വെള്ളിയാഴ്ച ഖുത്തുബ വളരെ ദീര്‍ഘിച്ചു പോകുന്നതാണ്. ജമാഅത്ത് അഹ്മദിയ്യായിലെ പ്രശ്നങ്ങള്‍ കേള്‍ക്കുവാനും പഠിക്കുവാനും വന്ന ആള്‍ക്ക്, നല്കിയ കത്തു കൂടി ഇതോടൊപ്പം ചേര്‍ക്കുന്നതു നന്നായിരിക്കുമെന്ന് ഞാന്‍ കരുതുന്നു. അദ്ദേഹം ഇപ്പോള്‍ മടങ്ങിപോയി കഴിഞ്ഞു. എന്നാല്‍ തങ്ങളുടെ പ്രശ്നങ്ങളുമായി അദ്ദേഹത്തെ സമീപിച്ചവര്‍ക്ക് ശരിയായ ഒരു മറുപടിയും ഇതുവരേയും ലഭിച്ചിട്ടില്ല, ഒരു നടപടിയും ഉണ്ടായിട്ടില്ല.

(ഞാന്‍ വളരെയധികം കാത്തിരുന്നു. മറുപടി നല്കുവാനുള്ള അവസരവും അവര്‍ക്ക് നല്കി, ഇപ്പോള്‍ എഴുത്തിലെ വിവരങ്ങള്‍ പരസ്യപ്പെടുത്തുവാനുള്ള സമയമായിരിക്കുന്നു) വെള്ളിയാഴ്ച ഖുത്തുബയില്‍ അതുവായിക്കുവാനും എനിക്ക് കഴിയില്ല, എന്നാല്‍, ഞാന്‍ ഇതോടൊപ്പം അതുംകൂടി ചേര്‍ക്കുന്നു. (ഇംഗ്ലീഷില്‍ എഴുതിയത്) ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയിലെ വെബ്സൈറ്റില്‍ അതും കൂടി ഉള്‍പ്പെടുത്തുന്നതാണ് ഇന്‍ശാഅല്ലാഹ്!

ഈ ഖുത്തുബ അവസാനിപ്പിച്ചുകൊണ്ട്, ഖലീഫത്തുല്ലാഹ് എന്ന നിലയില്‍ ഞാന്‍ നിങ്ങളെ ഉപദേശിക്കുകയാണ്, ആരൊക്കെയാണോ അല്ലാഹുവിന്റെ നിയമങ്ങളെ വായ് കൊണ്ട് മലിനപ്പെടുത്തിയിട്ടുള്ളത്, ചിലപ്പോള്‍ അത് അജ്ഞതകൊണ്ടാകാം, അല്ലെങ്കില്‍ അറിഞ്ഞുകൊണ്ടാകാം. അവര്‍ സമ്പൂര്‍ണ്ണമായും അല്ലാഹുവിനോട് മാപ്പിനായി അര്‍ത്ഥിക്കുക. അല്ലാഹുവിന്റെ നിയമങ്ങള്‍ ഒരു നൂറ്റാണ്ടിലേക്ക് മാത്രമുള്ളതല്ല. അത് കാലവസാനം വരേയ്ക്കും നിലനില്ക്കുന്നതാണ്. അവയില്‍ മാറ്റതിരുത്തലുകള്‍ കൊണ്ടു വരുവാന്‍ നമുക്കൊര

വകാശവുമില്ല. (അല്ലാഹുവിന്റെ നിയമങ്ങളിൽ) അവയെ നാം വിമർശിക്കുകയുമരുത്. അജ്ഞതയാൽ ഒന്നുംതന്നെ പറയാതിരിക്കുവാൻ നാം അതീവ ജാഗ്രതയുള്ളവരായിരിക്കണം. ഇല്ലെങ്കിൽ അത് നമ്മുടെ വിശ്വാസത്തെ നഷ്ടപ്പെടുത്തിക്കളയും. അല്ലാഹുവിന്റെ നിമയങ്ങൾ സംബന്ധമായി നമ്മുടെ വാക്കുകൾ ഉപയോഗിക്കുമ്പോൾ തികഞ്ഞ ജാഗ്രത കാണിക്കുക. നമ്മുടെ പേനയും നാം നിയന്ത്രണ വിധേയമാക്കേണ്ടതാണ്. (അല്ലാഹുവിന്റെ അതൃപ്തിക്കിടയാക്കുന്ന ഒന്നും തന്നെ എഴുതാതിരിക്കുക)

നാം ഒരു അനിസ്ലാമിക രാജ്യത്താണ് വസിക്കുന്നത്. അല്ലാഹുവിന്റെ നിയമങ്ങളെ വിമർശിക്കാതെയും നിരാകരിക്കാതെയും, രാജ്യത്തെ നിയമങ്ങളെ ആദരിക്കുക. മനുഷ്യരെ തൃപ്തിപ്പെടുത്തുവാനായി ദൈവീക നിയമത്തെ ഇകഴ്ത്തി പറയാതിരിക്കുക. അല്ലാഹുവിനേക്കാളും അവന്റെ ദൂതനെക്കാളും പ്രാധാന്യം നിങ്ങളുടെ ഗുരുവിന് കൊടുക്കരുത്. നിങ്ങൾക്ക് എന്തെങ്കിലും അറിയില്ലെങ്കിൽ, നിങ്ങൾ നിശ്ശബ്ദത പാലിക്കുന്നതാണ് നല്ലത്. ശാന്തരായിരിക്കുക, അറിവില്ലാത്ത കാര്യത്തെക്കുറിച്ച് സംസാരിക്കരുത്. സംസാരിച്ചാൽ ദൈവീക കല്പനയ്ക്ക് എതിരായി പോകും. അത് നിങ്ങൾക്ക് ഗുരുതര വീഴ്ചയായി പോകും, ദൈവീക ശിക്ഷ വളരെ പെട്ടെന്ന് നിങ്ങളെ പിടികൂടും, അത് നിങ്ങൾക്ക് താങ്ങാവുന്നതിനും അപ്പുറത്തായിരിക്കും.

ഞാൻ ദുആ ചെയ്യുന്നു, ഈ പ്രസംഗം നല്ല നിലയിൽ ഗ്രഹിക്കുവാനുള്ള തൗഫീഖ് അല്ലാഹു(ത) നിങ്ങൾക്ക് നല്കട്ടെ (ആമീൻ)

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*